(എ) ഏതെല്ലാം തരത്തിലുള്ള കായിക-ആയുധ പരിശീലനം തടയുവാനാണ് ഗവൺമെന്റ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനങ്ങളിൽ ഇതുമൂലം എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കായിക-ആയുധ പരിശീലനം നിരോധിച്ചുകൊണ്ട് യാതൊരു നിർദ്ദേശവും ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ കായിക പരിശീലനം നൽകുന്ന കേന്ദ്രങ്ങൾക്ക് പെർമിറ്റ് വാങ്ങണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

പരിസ്ഥിതി മലിനീകരണം

23(*22) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ നിന്നും പുറംതള്ളുന്ന വെയ്സ്റ്റുകൾ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെയ്സ്റ്റുകൾ നശിപ്പിക്കുന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) ഈ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ മിക്ക ആശുപത്രികളുടെയും പരിസരം മലിനീകരണപ്പെട്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ചില പരാതികൾ ഉണ്ട്.

(ബി) ആശുപത്രികളിൽ നിന്നുള്ള മാലിന്യം നിർമാർജ്ജനം ചെയ്യുന്നത് നിയന്ത്രിക്കാനായി കേന്ദ്ര സർക്കാർ 27-7-1998-ൽ ഇക്കോ മെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് 1998 എന്ന ചട്ടം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(സി) ചില ആശുപത്രികളുടെ പരിസരം മലിനീകരിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രനിയമം നടപ്പിലാക്കുന്നതിന് നിയമത്തിൽതന്നെ കാലാവധി നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് 500 കിടക്കകൾ ഉള്ള ആശുപത്രികളുടെ സമയപരിധി 31-12-1999-ൽ അവസാനിച്ചുവെങ്കിലും ആറുമാസം കൂടി സമയം

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര പരിഗണനയിൽ ആണ്. മറ്റാശുപത്രികളെ സംബന്ധിച്ച് ഇനിയും സമയം ഉണ്ട്. ഈ ചട്ടം നടപ്പിലാക്കുന്നതിനുള്ള അതോറിട്ടിയായി സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിനെ നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ സർക്കാർ ആശുപത്രികളിൽ മാലിന്യം നശിപ്പിക്കുന്നതിനുള്ള സംവിധാനം ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് ചില പ്രധാന ആശുപത്രികളിലും ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിൽ മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര നിയമത്തിലെ സമയപരിധി അനുസരിച്ച് പരിശോധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം

24(*23) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. . കെ. പി. എ. മജീദ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്താൻ കേന്ദ്രസർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇക്കാര്യം സംസ്ഥാന ഭക്ഷ്യ മന്ത്രിമാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ അഭിപ്രായം എന്തായിരുന്നു ;

(ഡി) അതിനോട് മറ്റു സംസ്ഥാന ഭക്ഷ്യമന്ത്രിമാരുടെ പ്രതികരണം എന്തായിരുന്നു എന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ഇ) റേഷൻ ഇനങ്ങളിൽ സബ്സിഡി വെട്ടിക്കുറക്കുന്നത് സംബന്ധിച്ചോ എടുത്തുകളയുന്നത് സംബന്ധിച്ചോ കേന്ദ്രസർക്കാരിൽ നിന്ന് ഏതെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല എന്നാണറിയുന്നത്.

(ബി) ചർച്ച ചെയ്യുകയുണ്ടായി.

(സി) ഭക്ഷ്യ കാര്യത്തിൽ കേരളം ഒരു കമ്മി സംസ്ഥാനമായതുകൊണ്ട് നിലവിലുള്ള റേഷൻ സംവിധാത്തിൽ യാതൊരു കാരണവശാലും മാറ്റം വരുത്തരുതെന്നും 'ഭക്ഷ്യ സുരക്ഷ'യാണ് ലക്ഷ്യമെങ്കിൽ പൊതുവിതരണരംഗം കൂടുതൽ ശക്തിപ്പെടുത്തുകയാണ് വേണ്ടതെന്നും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നുള്ള റേഷൻ വിതരണത്തിന്റെ അളവിലോ വിലയിലോ യാതൊരുമാറ്റവും വരുത്തരുതെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly